## പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യം നമ്പർ 1023

21/3/2013-ൽ മറുപടിക്ക്

## പച്ചക്കോട്ട് ധരിക്കാത്തതിനാൽ സസ്പെൻഡ് ചെയ്ത സംഭവം

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി കെ.കെ. ലതിക

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി

**(എ)** പച്ചക്കോട്ട് ധരിക്കാത്തതിന്റെ പേരിൽ അരീക്കോട് സുല്ലുമ്മ സലാം ഓറിയന്റൽ ഹൈസ്കൂൾ അധ്യാപികയെ സ്കൂൾ മാനേജ്മെന്റ് സസ്പെന്റ് ചെയ്ത നടപടിയിൽ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ;

**(എ)** ശ്രീമതി. ജമീലയുടെ സസ്പെൻഷൻ ഉത്തരവ് റദ്ദാക്കി സർവീസിൽ പുന:പ്രവേശിപ്പിക്കാൻ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2/11/2012 ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ മാനേജർ ഗവൺമെന്റിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിനു ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് 7/11/2012 ലെ ഗവൺമെന്റ് കത്ത് പ്രകാരം ഗവൺമെന്റ് നിർദ്ദേശം നൽകുകയും ആയതിൻമേൽ തീരുമാനം ആകുന്നതുവരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 2/11/2012 ലെ ഉത്തരവ് നിർത്തി വയ്ക്കുവാനും നിർദ്ദേശിച്ചിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് സർക്കാർ റദ്ദാക്കി. സർക്കാർ ഉത്തരവിനെതിരെ ടീച്ചർ നൽകിയ ഡബ്ളിയു.പി(സി) 30818/2012 ലെ 28/12/2012 ലെ ഇടക്കാല ഉത്തരവിൽ ടീച്ചർക്കെതിരായ കുറ്റപത്രവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും 2 മാസത്തേക്ക് മരവിപിച്ചിരുന്നു. പിന്നീട് 27/2/2013 ലെ കോടതി വിധിയെത്തുടർന്ന് ശ്രീമതി. ജമീലയെ 6/3/2013 ൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

**(ബി)** സ്കൂൾ അധ്യാപകർക്ക് ഡ്രസ് കോഡ് നിലവിലുണ്ടോ; ഈ വിഷയത്തിൽ അധ്യാപിക നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

**(സി)** സസ്പെൻഷൻ ചോദ്യം ചെയ്ത് അധ്യാപിക നൽകിയ ഹർജിയിൽ ഹൈക്കോടതി ഉത്തരവ് വന്നിട്ടുണ്ടോ ; എങ്കിൽ, വിശദാംശം നൽകാമോ ;

**(ബിയും, സിയും)** സ്കൂൾ അദ്ധ്യാപകർക്ക് ഡ്രസ്സ് കോട് നിലവിലുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സസ്പെൻഷനെതിരെ ശ്രീമതി. കെ. ജമീല നൽകിയ പരാതി പരിഗണിച്ച് ടിയാളെ സർവീസിൽ തിരിച്ചെടുക്കാൻ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2/11/2012 ലെ എ4/5553/2012 നമ്പറായി ഉത്തരവ് നൽകിയിരുന്നു. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് സർക്കാർ റദ്ദാക്കി. സർക്കാർ ഉത്തരവിനെതിരെ ടീച്ചർ നൽകിയ ഡബ്ളിയു.പി(സി) 30818/2012 ലെ 28/12/2012 ലെ ഇടക്കാല ഉത്തരവിൽ ടീച്ചർക്കെതിരായ കുറ്റപത്രവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും 2 മാസത്തേക്ക് മരവിപിച്ചിരുന്നു. പിന്നീട് 27/2/2013 ലെ കോടതി വിധിയെത്തുടർന്ന് ശ്രീമതി. ജമീലയെ 6/3/2013 ൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

**(ഡി)** ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിനെതിരെ ഹൈക്കോടതി പരാമർശം നടത്തിയിട്ടുണ്ടോ, വിശദമാക്കാമോ;

**(ഡി)** അത്തരം പരാമർശം ഉൾക്കൊള്ളുന്ന യാതൊരു ഉത്തരവും ഈ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല.

**(ഇ)** പച്ചക്കോട്ട് ധരിക്കാത്തതുമായി ബന്ധപ്പെട്ട് അധ്യാപികക്കെതിരെ എന്തെങ്കിലും കുറ്റം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ?

**(ഇ)** അരിക്കോട് എസ്.ഒ.എച്ച്.എസി ലെ ശ്രീമതി. കെ. ജമീലക്കെതരായ അച്ചടക്ക നടപടിയുടെ ഭാഗമായി പ്രസ്തുത സ്കൂൾ മാനേജർ കെ.ഇ.ആർ 14-എ ചട്ടം 75 പ്രകാരം കുറ്റപത്രം 1.11.2012-ന് നൽകിയിട്ടുണ്ട്. പ്രസ്തുത കുറ്റപത്രം സംബന്ധിച്ച് വിശദമായ അന്വേഷണം വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയതായി അറിയിപ്പ് ലഭിച്ചിട്ടില്ല

**സെക്ഷൻ ഓഫീസർ**